7. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) രൂപീകരിച്ചിട്ടുണ്ട്. മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനുവേണ്ടി തീരദേശ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്ന ഒരു പദ്ധതി സംസ്ഥാനത്ത് മിക്ക സ്ഥലങ്ങളിലും ഫിർമവഴി നടപ്പിലാക്കുന്നു.

8. ഉൾനാടൻ മേഖലയിൽ ഏകീകൃത മത്സ്യബന്ധന നിയമം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

9. കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഫിഷറീസ് പോളിസി 2004-ലെ നിർദ്ദേശങ്ങളനുസരിച്ച് ഉൾനാടൻ മേഖലയിൽ നടപ്പാക്കേണ്ടുന്ന പദ്ധതികളെ കുറിച്ച് വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഫിർമയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൻ പ്രകാരം ഫിഷറീസ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു.

10. ശുദ്ധജല മലിനീകരണംമൂലമുള്ള മത്സ്യനാശം തടയുന്നതിനുള്ള ക്രമീകരണം പരിശോധിക്കുന്നതിന് സമിതമായ ഒരു കമ്മിറ്റി 20-4-2004-ലെ ജി.ഒ. (ആർടി.) 151/2004/മത്സ്യ ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുണ്ട്.

ഇ.ബി.എം. ഘടിപ്പിച്ച വള്ളങ്ങളുടെ കാര്യത്തിലും 'ഫിഷ് സാങ്ച്വറി'യുടെ കാര്യത്തിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിത്തുടങ്ങിയിട്ടില്ല. നടപടികളെടുക്കാത്ത എല്ലാ നിർദ്ദേശങ്ങളും പരിഗണിച്ച്, മത്സ്യസമ്പത്തിന്റെ നിലനിൽപ്പിന് ഹാനികരമല്ലാത്ത രീതിയിൽ കേരളത്തിലെ കടൽ മത്സ്യോൽപ്പാദനം പരമാവധി വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തിക്കൊണ്ടു പോകുന്നതിന് 13-7-2004-ൽ മത്സ്യമേഖലാ വികസന പരിപാലന നയം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മത്സ്യ ഉൽപ്പാദന സംസ്കരണ വിപണനരംഗങ്ങളിൽ സാങ്കേതികവിദ്യ

*2 [151] ശ്രീ. കെ. ബി. ഗണേഷ്കുമാർ:
" ടി. എം. ജേക്കബ്:
" ആർ. ബാലകൃഷ്ണപിള്ള:
" ജോണി നെല്ലൂർ:
" ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഉപഗ്രഹ നിരീക്ഷണ സംവിധാനവും വിവര സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തി മത്സ്യക്കൂട്ടങ്ങളുടെ നീക്കവും ലഭ്യതയും മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യ ഉൽപ്പാദന സംസ്ക്കരണ വിപണനരംഗങ്ങളിൽ കാലോചിതമായ മാറ്റംവരുത്തി കാര്യക്ഷമമായ ഫിഷറീസ് മാനേജ്മെന്റ് സംവിധാനം ആവിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ?

ഉത്തരം

(എ) ഉപഗ്രഹ നിരീക്ഷണ സംവിധാനവും വിവര സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തി മത്സ്യക്കൂട്ടങ്ങളുടെ നീക്കവും ലഭ്യതയും മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിന് സർക്കാർ താഴെപ്പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. ഹൈദ്രാബാദിലെ നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി (എൻ.ആർ.എസ്.എ.) യുടെ ഉപഗ്രഹ സഹായത്തോടെ ലഭിക്കുന്ന മത്സ്യസമ്പത്തിനെപ്പറ്റിയുള്ള വിവരങ്ങൾ കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വയർലസ് സംവിധാനംവഴി അറിയിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ മറൈൻ എൻഹോഴ്സ്മെന്റ് വിഭാഗത്തിന് സംവിധാനമുണ്ട്.

2. ഈ ആവശ്യം മുൻ നിർത്തിയാണ് മത്സ്യത്തൊഴിലാളികൾക്കും, മത്സ്യ ഭവനുകളിലും വയർലെസ്സ് സംവിധാനം ആവിഷ്കരിച്ചതും തീരദേശ ജില്ലാ ആഫീസുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള വയർലെസ്സ് സംവിധാനം ഇപ്പോൾ തെക്കൻ ജില്ലകളിൽ നിലവിലുണ്ട്.

3. ഇന്ത്യാ ഗവൺമെന്റിന്റെ സഹായത്തോടെ "Indian National Centre for Ocean Information Services" (INCOIS)-ന്റെ നേതൃത്വത്തിൽ തീരപ്രദേശങ്ങളിൽ ഇലക്ട്രോണിക് ഡിജിറ്റൽ ഡിസ്പ്ലെ ബോർഡുകൾ സ്ഥാപിച്ചുവരുന്നു. അതുവഴി അതാതു പ്രദേശങ്ങളിലെ മത്സ്യലഭ്യത, സഞ്ചാരം എന്നിവ പൊതുജനങ്ങൾക്ക് കാണാവുന്നതാണ്. വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിൽ ഇത്തരം ബോർഡ് ഇപ്പോൾ നിലവിലുണ്ട്.

(ബി) മത്സ്യ ഉൽപ്പാദന സംസ്ക്കരണ വിപണന രംഗങ്ങളിൽ കാലോചിതമായ മാറ്റം വരുത്തി കാര്യക്ഷമമായ ഫിഷറീസ് മാനേജ്മെന്റ് സംവിധാനം ആവിഷ്കരിക്കുന്നതിന് സംസ്ഥാന സർക്കാർ 'മത്സ്യമേഖലയുടെ വികസന പരിപ്രേക്ഷ്യ നയ'ത്തിന് രൂപം നൽകിയിട്ടുണ്ട്. ഇതുകൂടാതെ മത്സ്യമേഖലയുടെ സമഗ്രമായ വികസനവും നിലനിൽപ്പും കണക്കിലെടുത്ത് ആവിഷ്കരിച്ചുവരുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly